Published on 01-06-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

902/2018.

# 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കൃഷി" എന്നതിൽ ഉദ്യാന കൃഷിയും ഔഷധസസ്യകൃഷിയും, നഴ്സറി നടത്തിപ്പും കാർഷികവൃത്തിയും, വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പച്ചക്കറികളും, പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏതുതരത്തിലുള്ള കൃഷിയും, മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും, കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു;

(ബി) "ബോർഡ്" എന്നാൽ 10-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു;

(ഡി) "അംശദായം" എന്നാൽ 8-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഇ) "കുടുംബം" എന്നാൽ,—

(i) കർഷകന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ പ്രായപൂർത്തിയാകാത്തതോ, മാനസിക വളർച്ച പ്രാപിക്കാത്തതോ, ശാരീരിക വൈകല്യമുള്ളതോ ആയ മക്കൾ, അവിവാഹിതരായ പെൺമക്കൾ;

(ii) കർഷകനെ ആശ്രയിച്ച് കഴിയുന്ന അയാളുടെ അച്ഛനും അമ്മയും എന്നർത്ഥമാകുന്നു.

(എഫ്) "കർഷകൻ" എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തകപാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റുവിധത്തിലും പത്ത് സെന്റിൽ കുറയാതെയും രണ്ട് ഹെക്ടറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും ഒന്നരലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും അഞ്ച് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു:

എന്നാൽ, സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, ഗസറ്റ് വിജ്ഞാപനം വഴി, വാർഷിക വരുമാന പരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്;

(ജി) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എച്ച്) "കിസാൻ അഭിമാൻ പദ്ധതി" എന്നാൽ 2009 ജനുവരി 31-ാം തീയതിയിലെ സ.ഉ.(പി)22/09/കൃഷി എന്ന നമ്പർ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ചെറുകിട നാമമാത്ര കർഷക ക്ഷേമ പെൻഷൻ പദ്ധതി എന്നർത്ഥമാകുന്നു;

(ഐ) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) "പട്ടിക" എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(എൽ) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള കർഷകക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു.

3. <u>കേരള കർഷകക്ഷേമനിധി പദ്ധതി</u>.—(1) കർഷകരുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസറ്റ് വിജ്ഞാപനം വഴി, 'കേരളകർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കേണ്ടതും കഴിയുന്നത്ര വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് വിജ്ഞാപനം വഴി സർക്കാർ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവുവയ്ക്കേണ്ടതാണ്, അതായത് :—

(i) 6-ാം വകുപ്പ് പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

(ii) 8-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം;

(iii) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്കിലുള്ള തുക;

(iv) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;

(v) കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നല്കുന്ന തുക;

(vi) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സംഭരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

(vii) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ് ;

(viii) വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമ സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

(ix) മറ്റേതെങ്കിലും നിയമപ്രകാരമോ, സർക്കാർ ഉത്തരവ് പ്രകാരമോ കർഷകക്ഷേമത്തിനായി അനുവദിക്കുന്ന തുക;

(x) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലും പദ്ധതിയിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം അത് ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്.

(5) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിധി താഴെ പറയുന്ന പ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത കർഷകർക്ക് പദ്ധതി പ്രകാരം അർഹമായ നിരക്കിൽ പെൻഷൻ നൽകുന്നതിന്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും അയാൾ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗമാകുകയും തുടർന്നുള്ള വർഷങ്ങളിൽ അംശദായം അടയ്ക്കുകയും ചെയ്യുന്ന സംഗതിയിൽ അയാൾക്ക് അറുപത് വയസ് പൂർത്തിയായ ശേഷം പദ്ധതി പ്രകാരം അർഹമായ നിരക്കിൽ പെൻഷൻ നൽകാവുന്നതാണ്;

(ബി) കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ പെൻഷൻ ലഭിച്ചിരുന്ന, അറുപത് വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് സർക്കാർ ഏർപ്പെടുത്തിയിരുന്ന പ്രകാരം പെൻഷൻ നൽകുന്നതിന് :

എന്നാൽ, മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായി പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല;

(സി) തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും, അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക് അയാൾ അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നല്കുന്നതിന് ;

(ഡി) കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും നൽകുന്നതിന് ;

(ഇ) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗത്തിന്റെയോ മക്കളുടെയോ വിവാഹാവശ്യത്തിനും വിദ്യാഭ്യാസ സഹായത്തിനും;

(ജി) കാർഷികവൃത്തിയിലേർപ്പെട്ടിരിക്കെ ഉണ്ടാകുന്ന അപകടമരണം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന അപകടവും മരണവും, വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന മരണം, ശാരീരിക അവശത, പലവിധത്തിലുള്ള വിഷബാധ എന്നിവയ്ക്കും സർക്കാർ, ബോർഡുമായി കൂടിയാലോചിച്ച്, ഉത്തരവ് വഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള മറ്റ് കഷ്ടനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന്;

(എച്ച്) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടി ബോർഡിന് ആദായകരമായ രീതിയിൽ നിധിയുടെ നിക്ഷേപം നടത്താവുന്നതാണ്.

(7) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതിയിൽ (5)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(8) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിച്ച പദ്ധതി, അത് ആവിഷ്കരിച്ചതിന് ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ പദ്ധതിക്ക് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>നിധിയിലെ അംഗത്വം</u>.—(1) പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള തുക 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നപക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരെ നിധിയിലെ അംഗങ്ങളായി കരുതപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും അറുപത്തിയഞ്ച് വയസ്സു വരെ നിധിയിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓരോ അപേക്ഷയോടൊപ്പവും പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും രജിസ്ട്രേഷൻ ഫീസും നൽകേണ്ടതാണ്.

(3) അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, സർക്കാർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തോ അപേക്ഷകന്റെ കൃഷി സ്ഥലം ഉൾപ്പെടുന്ന അധികാര പരിധിയിൽ ഉള്ളതോ ആയ കൃഷി ഓഫീസർ മുമ്പാകെ നിർദ്ദിഷ്ട ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള കൃഷി ആഫീസർക്ക് ബോധ്യമാകുന്ന സംഗതിയിൽ അപേക്ഷകനെ ഉടൻതന്നെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ അപേക്ഷ തള്ളിക്കളയുന്ന പക്ഷം, പ്രസ്തുത വിവരം ആയതിനുള്ള കാരണങ്ങൾ സഹിതം അപേക്ഷ കൈപ്പറ്റി മുപ്പതു ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള യാതൊരു അപേക്ഷയും തള്ളിക്കളയുവാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ പരാതിയുള്ള ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും അധികാരസ്ഥനോ, അപ്പീൽ നൽകാവുന്നതും അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനും അപ്പീൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം, നൽകിയതിനുംശേഷം അങ്ങനെയുള്ള അപ്പീലിന്മേൽ അത് കൈപ്പറ്റി മുപ്പതു ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അപ്രകാരമുള്ള മറ്റ് അധികാരസ്ഥനോ തീരുമാനം കൈക്കൊള്ളേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(6) ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതും ഇതുസംബന്ധിച്ച ഒരു രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസിൽ സൂക്ഷിച്ചുപോരേണ്ടതുമാണ്.

(7) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കായി നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ സൂക്ഷിച്ചുപോരുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

5. നിധിയിലെ അംഗത്വം റദ്ദാക്കൽ.—(1) ഒരംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാണ് :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഒരംഗം ഒരു വർഷക്കാലം തുടർച്ചയായി അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം അവസാനിക്കുന്നതാണ്.

6. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.—5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിച്ച തീയതി മുതൽ ഒരു വർഷത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

7. കൃഷിഭവനുകളിൽ രജിസ്റ്ററുകൾ സൂക്ഷിച്ചുപോരേണ്ടതാണെന്ന്.—പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെട്ട രീതിയിൽ എല്ലാ കൃഷിഭവനിലും സൂക്ഷിച്ചുപോരേണ്ടതും അത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. കേന്ദ്രീകൃത വിവരസാങ്കേതിക വിദ്യയിലൂന്നിയ പദ്ധതിയിലൂടെ കൃഷി ഭവനുകളിലെ രജിസ്റ്ററുകൾ സൂക്ഷിച്ചുപോരാവുന്നതാണ്.

8. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ കർഷകനും പ്രതിമാസം അൻപത് രൂപാ നിരക്കിൽ നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്.

(2) അംശദായ നിരക്ക്, സർക്കാരിന്റെ അംഗീകാരത്തോടുകൂടി, പരമാവധി ഇരുന്നൂറ്റി അൻപത് രൂപ വരെ എന്ന പരിധിയ്ക്ക് വിധേയമായി ബോർഡിന് അതത് സമയം പരിഷ്കരിക്കാവുന്നതാണ്.

(3) ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ തത്തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണ്. ബോർഡിന്റെ ആവശ്യ പ്രകാരം അംഗങ്ങൾ നിധിയിൽ നിക്ഷേപിച്ച തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതം, അർദ്ധവാർഷികമായി നൽകാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ പെൻഷൻ നൽകുന്നതിന് ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക മുൻപ് സർക്കാർ അനുവദിച്ചിരുന്ന തുകയ്ക്ക് സമാനമായ തുക, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, എല്ലാ വർഷവും ബോർഡിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

9. <u>അംഗങ്ങൾ ഇൻഷ്വറൻസ് പോളിസി എടുക്കണമെന്ന്.</u>—അംഗങ്ങൾ ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരേണ്ടതാണ്.

10. <u>ബോർഡിന്റെ രൂപീകരണം.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടുകൂടി നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, 'കേരള കർഷക ക്ഷേമനിധി ബോർഡ് ' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിന്റെ ചെയർമാനായി കൃഷിയിൽ വൈദഗ്ധ്യമുള്ള ഒരാളെ, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) ബോർഡിൽ ചെയർമാനെ കൂടാതെ താഴെ പറയുന്ന ഡയറക്ടർമാർ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(i) കാർഷികോൽപാദന കമ്മീഷണർ;

(ii) സെക്രട്ടറി, കൃഷി വകുപ്പ് അല്ലെങ്കിൽ പ്രതിനിധി ;

(iii) ഡയറക്ടർ, കൃഷി വകുപ്പ് ;

(iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കർഷകരെ പ്രതിനിധീകരിക്കുന്ന ഒൻപത് അംഗങ്ങൾ ;

(v) ധനവകുപ്പ് സെക്രട്ടറിയുടെ ഒരു പ്രതിനിധി;

(vi) നിയമവകുപ്പ് സെക്രട്ടറിയുടെ ഒരു പ്രതിനിധി;

(vii) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ.)

(5) ബോർഡിന്റെ കാര്യനിർവ്വഹണത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അദ്ദേഹം കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിന്നായിരിക്കേണ്ടതാണ് ;

(ii) ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അദ്ദേഹം കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നായിരിക്കേണ്ടതാണ് ;

(iii) അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, അവർ മൂന്ന് മേഖലാ തലത്തിൽ പ്രവർത്തിക്കേണ്ടതും കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ നിന്നായിരിക്കേണ്ടതുമാണ് ;

(iv) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അദ്ദേഹം സർക്കാർ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്നായിരിക്കേണ്ടതാണ് ;

(v) ഫിനാൻസ് ഓഫീസർ, അദ്ദേഹം ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്നായിരിക്കേണ്ടതാണ്.

(6) ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി നിധിയിൽ നിന്നും ചെലവാക്കുന്ന തുകയുടെ പരിധി അംശദായത്തിന്റെ 20% ആയിരിക്കേണ്ടതാണ്.

(7) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

(8) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് കരുതുന്നതും, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ളതുമായ അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ചുമതലപ്പെടുത്തിയ ഏതെങ്കിലും ഓഫീസർക്കോ, ജീവനക്കാർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

11. <u>ബോർഡിന്റെ യോഗങ്ങൾ</u>.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനു വേണ്ടിയുള്ള ക്വാറം, ഏറ്റവും കുറഞ്ഞത് ചെയർമാൻ ഉൾപ്പെടെ, മൂന്ന് ഔദ്യോഗിക ഡയറക്ടർമാരും നാല് അനൗദ്യോഗിക ഡയറക്ടർമാരും ആയിരിക്കേണ്ടതാണ്.

(3) ചെയർമാന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള ഡയറക്ടർമാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഡയറക്ടർ, ബോർഡ് യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) ബോർഡ് യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും, യോഗത്തിൽ ഹാജരായിട്ടുള്ള ഡയറക്ടർമാരുടെ ഭൂരിപക്ഷം വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യ വോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർമാൻ അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഡയറക്ടർക്ക് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

12. <u>ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി</u>.—(1) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ ചാർജ്ജ് എടുത്ത തീയതി മുതൽ മൂന്ന് വർഷം വരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 13-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് എപ്പോൾ വേണമെങ്കിലും രേഖാമൂലം കാരണം കാണിച്ചുകൊണ്ട് ബോർഡിലെ ഏതൊരു ഡയറക്ടറെയും, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാനുള്ള ന്യായമായ ഒരു അവസരം നൽകിയ ശേഷം നീക്കം ചെയ്യാവുന്നതാണ്.

എന്നാൽ, പൊതുതാൽപ്പര്യം പരിഗണിച്ച് കാരണങ്ങൾ രേഖപ്പെടുത്തുന്നതോ, അങ്ങനെയുള്ള അവസരങ്ങൾ നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നീക്കം ചെയ്യലിനെതിരേ കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ടതില്ല.

(3) ഏതൊരു ഡയറക്ടർക്കും, സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതും രാജിക്കത്ത് സർക്കാർ സ്വീകരിക്കുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

13. <u>അനൗദ്യോഗിക ഡയറക്ടറുടെ അയോഗ്യതയും നീക്കം ചെയ്യലും</u>.—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറെയും, അയാൾ,—

(എ) ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുകയോ;

(ബി) അവിമുക്ത നിർദ്ധനനായി വിധിക്കപ്പെടുകയോ;

(സി) സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഡി) ബോർഡിലെ ഒരു ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ ബോർഡിലെ ഡയറക്ടറായി അദ്ദേഹം തുടരുന്നത് പൊതു താല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷമോ;

(ഇ) ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി അതിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ചെയ്താൽ,

ഔദ്യോഗിക സ്ഥാനത്ത് തുടരുന്നതിന് അയോഗ്യനായിരിക്കുന്നതും തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെടേണ്ടതുമാണ്:

എന്നാൽ, (ഇ) ഖണ്ഡപ്രകാരം ബോർഡിലെ ഒരു ഡയറക്ടറെ നീക്കംചെയ്യുന്നതിന് മുമ്പായി അദ്ദേഹത്തെ നീക്കംചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നല്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡ പ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് വീണ്ടും ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

14. <u>ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനം.</u>—(1) സർക്കാരിന്, ഈ ആക്ടും പദ്ധതിയും പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും, 10-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിലും ആവശ്യമെന്ന് കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ട് നിയമിക്കാവുന്നതും കൃഷി വകുപ്പിലെ കൃഷി ഓഫീസർമാർ ഉൾപ്പെടെയുള്ള മറ്റു ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും ഉത്തരവ്മൂലം ചുമതലപ്പെടുത്താവുന്നതുമാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട മറ്റ് ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും സർക്കാരിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേണ്ടതാണ്.

(3) ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തപ്പെടുന്ന തസ്തികകളുടെ സംഗതിയിൽ അതതു സമയം ഭേദഗതി ചെയ്തപ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമായ മാറ്റങ്ങളോടെ പാലിക്കേണ്ടതാണ്.

15. <u>ബോർഡിലെ ഡയറക്ടർമാർക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.</u>—ബോർഡിലെ അനൗദ്യോഗിക ഡയറക്ടർമാർക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

16. അംശദായം പിരിച്ചെടുക്കൽ.—(1) 8-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഓരോ കർഷകനും നിധിയിലേക്ക് നൽകേണ്ടതായ തുക കൃത്യമായി നൽകേണ്ടതാണ്.

(2) ഓരോ കർഷകനും 8-ാം വകുപ്പ പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ അംശദായം അതത് കൃഷിഭവനിൽ നൽകേണ്ടതും അപ്രകാരം നൽകിയ തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയിൽ അടയ്ക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ചുമതലയായിരിക്കുന്നതുമാണ്.

(3) തുക അടയ്ക്കേണ്ടതായ തീയതിക്കോ അതിനു മുൻപോ (2)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അംശദായം നിധിയിൽ അടച്ചില്ലെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശസഹിതം അങ്ങനെയുള്ള തുക വസൂലാക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്.—(1) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ബോർഡ് തീരുമാനിക്കുന്നതും അൻപത് രൂപയിൽ കവിയാത്തതുമായ മൂല്യമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കാവുന്നതാണ്.

(2) ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾ അങ്ങനെയുള്ള ആഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ മറ്റ് പ്രമാണങ്ങൾ എന്നിവയിൽ കർഷക ക്ഷേമ സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ്വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.

(3) ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വില്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

18. സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേല് തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിന് വേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയ്ക്ക് കീഴിലോ, സർക്കാരോ ബോർഡോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിതയാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

20. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവ്വന്റായിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ബോർഡിലെ ഓരോ ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റു ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവ്വന്റായി കണക്കാക്കപ്പെടുന്നതാണ്.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

22. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കു വേണ്ടി അതാതു സമയം പണം കടം വാങ്ങാവുന്നതാണ്.

23. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും, കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽ നിന്നും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടിയല്ലാതെ ബോർഡ് വ്യതിചലിക്കുവാൻ പാടുള്ളതല്ല.

24. ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബോർഡ് തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, സർക്കാരിന് ഗസറ്റ് വിജ്ഞാപനപ്രകാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്ന സംഗതിയിൽ സർക്കാരിന് ബോർഡിന്റെ ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്റ്റേറ്ററെ നിയമിക്കാവുന്നതാണ്.

25. നിധിയുടെ കണക്കുകളുടെ ആഡിറ്റ്.—(1) നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് സർക്കാർ ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) നിധിയുടെ കണക്കുകൾ വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ആഡിറ്റർമാർ പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

(3) ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചോ, തുടർനടപടി സംബന്ധിച്ചോ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം അക്കൗണ്ടന്റ് ജനറൽ മുഖേന തുടർപരിശോധന നടത്താവുന്നതാണ്.

26. വാർഷിക റിപ്പോർട്ടും, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തയ്യാറാക്കേണ്ടതും, ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും അവസാനിച്ച് ആറ് മാസങ്ങൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ സർക്കാർ, അതാതു കണക്കുകൾ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ തന്നെ വയ്ക്കേണ്ടതാണ്.

27. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പിൽകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതാതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവു മില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

28. <u>കിസാൻ അഭിമാൻ പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ.</u>—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവുവയ്ക്കേണ്ടതുമാണ്.

(2) കിസാൻ അഭിമാൻ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും തർക്കങ്ങളും ബോർഡിന് തീരുമാനിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഫണ്ട് കൈമാറ്റം ചെയ്യപ്പെടുന്ന തീയതിയിൽ കിസാൻ അഭിമാൻ പദ്ധതി ഇല്ലാതായിത്തീരുന്നതാണ്.

<u>പട്ടിക</u>

[3 (7) വകുപ്പ് കാണുക]

1. ബോർഡ് നിധിയുടെ ഭരണം നടത്തേണ്ട രീതി (ബൈലോ ഉണ്ടാക്കുന്നത് ഉൾപ്പെടെ)

2. കർഷകരുടെ രജിസ്ട്രേഷൻ

3. കർഷകർ നിധിയിലേയ്ക്ക് ഏതു സമയത്ത് ഏതു രീതിയൽ അംശദായം നൽകണമെന്നും അംശദായം ഏതു രീതിയിൽ വസൂലാക്കണമെന്നും

4. ബോർഡിനെ സഹായിക്കാനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ

5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലകൾ

6. കണക്കുകൾ സൂക്ഷിക്കേണ്ട രീതി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ, നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയിലുള്ള പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്ക് ഓഡിറ്റ് ചെയ്യൽ, ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കൽ, സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കൽ എന്നിവ

7. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്നെപ്പറ്റിയും കുടുംബത്തെപ്പറ്റിയും വിവരങ്ങൾ നൽകുന്നതിനുള്ള ഫോറം

8. നിധിയിൽ നിന്നും പണം പിൻവലിക്കൽ അനുവദിക്കുന്നതിനും ഏതെങ്കിലും തട്ടിക്കിഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനും ഉള്ള വ്യവസ്ഥകളും അപ്രകാരം തട്ടിക്കിഴിക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും

9. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുകയോ അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന വിധം

10. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സമർപ്പിക്കേണ്ട റിട്ടേണുകളും

11. നിധിയിലെ ഏതെങ്കിലും അംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഐഡന്റിറ്റി കാർഡിന്റെ മാതൃക, അത് നൽകൽ, സൂക്ഷിക്കൽ, പകരം നൽകൽ

12. പട്ടികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് ചുമത്തേണ്ട ഫീസ്

13. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങൾ കൂടുതൽ എന്തെങ്കിലും ഉണ്ടെങ്കിൽ അത്

14. നിധി വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ

15. നിധി കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകുന്ന ചെലവുകൾ ചെയ്യുന്നതിനുള്ള നടപടിക്രമം

16. അംഗങ്ങളുടേയോ അവരുടെ ആശ്രിതരുടേയോ ക്ഷേമത്തിനു വേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാം എന്നത്

17. ബോർഡിന്റെ ആസ്ഥാനം, ബോർഡ് അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, ഓണറേറിയം തുടങ്ങിയവ

18. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യഘടകങ്ങളാണ് കൃഷിയും അനുബന്ധ മേഖലകളും. കൃഷി ഒരു ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്ന കർഷകരുടെ എണ്ണം പല കാരണങ്ങളാൽ കുറഞ്ഞുവരുന്നു. കൃഷിയിലേക്ക് ധാരാളം പേരെ പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും എല്ലാ ക്ഷേമ പരിപാടികളിലും ചെറുകിട നാമമാത്ര കർഷകർക്ക് മുൻഗണന നൽകുന്നതിനും ദേശീയ കാർഷിക കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

കർഷക സുരക്ഷയുടെയും ക്ഷേമത്തിന്റെയും പരമപ്രധാനമായ കാര്യങ്ങൾ മനസ്സിലാക്കി കാർഷിക മേഖലയിൽ ആയതിന് പരമോന്നത സ്ഥാനം നൽകേണ്ടതുണ്ട്. കർഷകർക്ക് സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും ഉറപ്പുവരുത്തുക, അവർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും അതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഓരോ കർഷകനും പ്രതിമാസം അൻപത് രൂപാ നിരക്കിൽ നിധിയിലേക്ക് നൽകുന്ന അംശദായമായ തുകയുടെ തത്തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണെന്ന് ഈ ബില്ലിലെ 8-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ, അംശദായ ഇനത്തിൽ പ്രതിമാസം 50 രൂപ

നിരക്കിൽ കർഷകരിൽ നിന്നും പ്രതിവർഷം സമാഹരിക്കുന്ന തുകയായ 18.09 കോടി രൂപയുടെ ആനുപാതിക വിഹിതം ആവർത്തക ചെലവായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്ഥാപന ഘട്ടത്തിന്റെ ആരംഭത്തിനുശേഷം വിവിധ റവന്യൂ മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടും കൂടി ബോർഡ് പൂർണ്ണമായും സ്വയം പര്യാപ്തത കൈവരിക്കുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണധികാരം സംബന്ധിച്ച മെമ്മോറാണ്ടം

കേരള കർഷക ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കാനും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കാൻ വിജ്ഞാപനം പുറപ്പെടുവിക്കാനും ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഓരോ അംഗത്തിനും നല്കേണ്ട അംഗത്വ സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും പാസ്സ് ബുക്കിന്റെയും മാതൃകയും രീതിയും നിർണ്ണയിക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. 4-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടുന്ന രജിസ്റ്ററുകളും മറ്റു രേഖകളും നിർണ്ണയിക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (7)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. കൃഷിഭവനുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 7-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ പെൻഷൻ നൽകുന്നതിന് ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപ് സർക്കാർ അനുവദിച്ചിരുന്ന തുകയ്ക്ക് സമാനമായ തുക എല്ലാ വർഷവും ബോർഡിന് ലഭ്യമാകുവാനുള്ള രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 8-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി ഗസറ്റ് വിജ്ഞാപനം വഴി 'കേരള കർഷക ക്ഷേമനിധി ബോർഡ് ' എന്ന പേരിൽ ബോർഡ് രൂപീകരിക്കുവാൻ ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബോർഡിന്റെ ചെയർമാനായി കൃഷിയിൽ വൈദഗ്ധ്യമുള്ള ഒരാളെ ഗസറ്റ് വിജ്ഞാപനം വഴി നാമനിർദ്ദേശം ചെയ്യാൻ ബില്ലിലെ 10-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബോർഡിലെ അനൗദ്യോഗിക ഡയറക്ടർമാർക്കുള്ള സിറ്റിംഗ് ഫീസും യാത്രാ ബത്തയും ദിനബത്തയും നിർണ്ണയിക്കുന്നതിന് ബില്ലിലെ 15-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. കർഷക ക്ഷേമനിധി സ്റ്റാമ്പ് ഏത് രൂപത്തിലും ഏത് രീതിയിലും ഉള്ളതായിരിക്കണം എന്ന് നിർണ്ണയിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബോർഡ് അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം ഗസറ്റ് വിജ്ഞാപന പ്രകാരം, ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യുവാൻ ബില്ലിലെ 24-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ഗസറ്റ് വിജ്ഞാപനം വഴി പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 27-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും അവ ഉണ്ടാക്കിയ ശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എസ്. സുനിൽ കുമാർ